കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കൊല്ലം.

പി.എൽ.നമ്പർ 17/09/DOQ കൊല്ലം
കാറ്റഗറി നമ്പർ 83/2007 തീയതി 17.11.2009

## വിജ്ഞാപനം

12.03.2007-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം കൊല്ലം ജില്ലയിൽ ടൂറിസം വകുപ്പിൽ 2650 - 4150 രൂപ ശമ്പള നിരക്കിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 83/2007) തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് 05.12.2008-ൽ നടന്ന ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയുടെ (ഒ.എം.ആർ) അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെട്ട സാധ്യത പട്ടിക ചുവടെ ചേർക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കു ന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, യോഗ്യത സമുദായം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പ രീശോധനയ്ക്ക് വിധേയമാക്കുന്നതാണ്

എഴുത്തു പരീക്ഷയിൽ പങ്കെടുത്ത യോഗ്യരായ എല്ലാ ഉദ്യോഗാർത്ഥികളേയും ഉൾക്കൊള്ളിച്ച സാദ്ധ്യതാപട്ടികയാണ് തയ്യാറാക്കിയിരിക്കുന്നത്.

കൊല്ലം ജില്ലയെ സൂചിപ്പിക്കുന്നതിനായി രജിസ്റ്റർ നമ്പരുകളുടെ മുൻപിൽ Q ചേർത്ത് വായിക്കേതാണ്.

# <u>സാധ്യതാ പട്ടിക</u>

| | | | | | |
|---|---|---|---|---|---|
| 150001 | 150002 | 150003 | 150004 | 150006 | 150009 |
| 150011 | 150013 | 150017 | 150019 | 150020 | 150021 |
| 150025 | 150029 | 150030 | | | |

നോട്ട്–1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനപൂർണ്ണമായി നടത്തിയിട്ടില്ലാത്തതിനാൽ സാധ്യത പട്ടികയിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും സോപാധികമായിട്ടാണ്. ഈ സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടു് എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും പ്രദാനം ചെയ്യുന്നില്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിരിക്കുന്നത് അതിനു ശേഷമുള്ള അവകാശവാദങ്ങളൊന്നും ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ ജനനത്തീയതി, യോഗ്യത, ജാതി സംവരണത്തിനുള്ള അർഹത എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിട്ടുങ്കെിൽ അതും തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി 26.11.2009 രാവിലെ 10 മണിയ്ക്ക് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, കൊല്ലം ജില്ലാ ആഫീസിൽ നേരിട്ട് ഹാജരാകേതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല. അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഈ പട്ടികയിൽ നിന്നും മറ്റൊരു അറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

കമ്മീഷന്റെ ആജ്ഞാനുസരണം

എ.നൂർമുഹമ്മദ്
ജില്ലാ ആഫീസർ
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കൊല്ലം

വിതരണാനുമതി നൽകുന്നു

സെക്ഷൻ ആഫീസർ

Bi

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേ രേഖകൾ (അസ്സലും ശരിപ്പകർപ്പും)

1) ജനനത്തീയതി, വയസ്സ്: എസ്.എസ്.എൽ.സി യുടെ ബന്ധപ്പെട്ട പേജ് / സ്ക്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പ്രസക്തഭാഗം / തത്തുല്യ സർട്ടിഫിക്കറ്റ്.

2) വിദ്യാഭ്യാസ യോഗ്യത.

(1) എസ്.എസ്.എൽ.സി പാസ്സായിരിക്കണം / തത്തുല്യമായ യോഗ്യത ഉായിരിക്കണം

(2) ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഫുഡ് ആന്റ് ബീവറേജ് സർവ്വീസിലുള്ള ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതിനു തുല്യമായി ഗവൺമെന്റ് അംഗീകരിച്ച മറ്റേതെങ്കിലും യോഗ്യത

(3) ജാതി, സമുദായം: സംവരണാനുകൂല്യത്തിനായി പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, തഹസിൽദാരിൽ നിന്നും ലഭിച്ച ജാതി സർട്ടിഫിക്കറ്റും (അസ്സലും, ര് ശരിപ്പകർപ്പുകളും) മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ടവർ 19.12.2008-ലെജി.ഒ.(പി) 117/08/എസ്.സി./ എസ്.റ്റി.ഡി.ഡി. നമ്പർ പ്രകാരമുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും (അസ്സലും, ശരിപ്പകർപ്പും) ഹാജരാക്കേതാണ്.

(4) കേന്ദ്ര / സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിയുള്ളവർ ആഫീസ് മേലധികാ രിയിൽ നിന്നും ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ (NOC) അസ്സൽ ഹാജരാക്കേതാണ്.

എ.നൂർമുഹമ്മദ്
ജില്ലാ ആഫീസർ
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കൊല്ലം.

Bi